# കൂത്താട്ടുകുളം നഗരസഭ


സെക്രട്ടറി
കൂത്താട്ടുകുളം നഗരസഭ
കൂത്താട്ടുകുളം പി.ഒ
പിൻ - 686662
എറണാകുളം

ഫോൺ - 04852252350
Email : kklmmunicipality@gmail.com


ആർ1–3602/23 തിയതി : 29–07–2023

**2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ 4ാം ചട്ടം, (2)ാം ഉപചട്ടം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി കൂത്താട്ടുകുളം നഗരസഭ പ്രസിദ്ധപ്പെടുത്തുന്ന അന്തിമ നോട്ടീസ്**

കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള വസ്തു നികുതി, സേവന ഉപനികുതി നിരക്കുകൾ 01-04-2023 തീയതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. കൂത്താട്ടുകുളം മുനിസിപ്പൽ പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത് കൂടിയതും കുറഞ്ഞതുമായ പരിധികൾക്ക് വിധേയമായി 01-04-2023 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233ാം വകുപ്പ്,4ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി മുനിസിപ്പാലിറ്റി 01-04-2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപ വിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ 05-04-2023ലെ സ.ഉ.(അച്ചടി)26/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആക്ടിലെ 233ാം വകുപ്പ്(2)ാം ഉപവകുപ്പ് (സി) ഖണ്ഡ പ്രകാരം ഓരോ 5 വർഷം കൂടുമ്പോഴും നിശ്ചയിക്കുന്ന വസ്തുനികുതി നിരക്കുകൾ അതിന് മുൻ വർഷത്തിൽ നിലവിലുള്ള നിരക്കിനൊപ്പം 5% കൂടിയതുകയേക്കാൾ കുറവായിരിക്കുവാൻ പാടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായും ആക്ടിലെ 233 വകുപ്പ് (2)ാം ഉപ വകുപ്പ് (സി) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായും കൂത്താട്ടുകുളം മുനിസിപ്പാലിറ്റി താഴെ പറയുന്ന ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും തറ വിസ്തീർണ്ണത്തിനോ / എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമായി ചുവടെ പറയും പ്രകാരം 06-07-2023 തീയതിയിലെ 2ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുള്ളതാണ്.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | മുനിസിപ്പാലിറ്റി/നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകൾ (രൂപ ച.മീറ്ററിന്) (2023-24 വർഷം) |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| എ. | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ,ഒന്നോ അതിലധികം മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്ന പാർപ്പിടങ്ങൾ) 300 ച.മീ വരെയുള്ളവ | 10 |
| ബി. | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ,ഒന്നോ അതിലധികം മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്ന പാർപ്പിടങ്ങൾ)300 ച.മീ മുകളിലുള്ളവ | 15 |
| സി | സ്വകാര്യ ഹോസ്റ്റൽ | 65 |
| ഡി | റിസോർട്ട് | 95 |
| ഇ | ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീ വരെയുള്ളവ | 60 |
| എഫ് | ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീ മുകളിലുള്ളവ | 70 |
| 2 | വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്നവ (ഇവയുടെ ആവശ്യത്തിനായുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പടെ) | |
| എ | i)പരമ്പരാഗത വ്യവസായ യൂണിറ്റുകൾ(കൈത്തറി ഷെഡ്,കയർപിരി ഷെഡ്,കശുവണ്ടി ഫാക്ടറി ഷെഡ്,മത്സ്യ സംസ്കരണ ഷെഡ്,മൺപാത്ര നിർമ്മാണ ഷെഡ്,കൈത്തൊഴിൽ ഷെഡ് തുടങ്ങിയ ഉൾപ്പടെ<br><br>ii)കോഴിവളർത്തൽ ഷെഡ്,ലൈവ് സ്റ്റോക്ക് ഷെഡ്,പട്ടുനൂൽ ഷെഡ്,സ്റ്റോറേജ് ഷെഡ്)<br><br>iii)ഇഷ്ടിക ചൂള,തടിമിൽ | 16<br><br>16<br><br>25 |
| ബി | MSME Act 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ<br>a) Micro Sector<br>b) Sma!! Sector<br>c)Medium Sector | <br>16<br>16<br>25 |
| സി) | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 70 |
| 3 | വിദ്യാലയങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| എ | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ (വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും,വിദ്യാഭ്യ ആവശ്യങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം,ക്യാന്റീൻ തുടങ്ങിയവ ഉൾപ്പടെ | 13 |
| ബി | ആശുപത്രി | 30 |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ,മൊബൈൽ ടെലഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ | |
| എ | അമ്യൂസ്മെൻറ് പാർക്കുകൾ | 50 |

| | | |
|---|---|---|
| ബി | മൊബൈൽ ഫോൺ ടവർ | 700 |
| സി | ടെലികമ്യൂണിക്കേഷൻ പോളുകൾ(ഓരോന്നിന്) | 600 |
| 5 | വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| എ | 100 ച.മീ വരെയുള്ളവ | 65 |
| ബി | 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ളവ | 90 |
| സി | 500 ച.മീ മുകളിലുള്ളവ | 110 |
| ഡി | മാളുകൾ | 150 |
| ഇ | സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ,പെട്ടിക്കടകൾ | 10 |
| 6 | മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| എ | അസംബ്ലി ബിൽഡിംഗ് (കൺവൻഷൻ സെൻറർ, ഓഡിറ്റോറിയം,സിനിമ തീയേറ്റർ,കല്യാണ മണ്ഡപം തുടങ്ങിയവ ഉൾപ്പടെ | 55 |
| ബി | ഓഫീസ് കെട്ടിടങ്ങൾ<br>1) സർക്കാർ ഓഫീസുകൾ<br>2 മറ്റ് ഓഫീസുകൾ | <br>10<br>65 |
| സി | ഗോഡൗൺ ഉൾപ്പടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ<br>i)500 ച.മീ വരെയുള്ളവ<br>ii)500 ച.മീ ന് മുകളിലുള്ളവ | <br>80<br>100 |
| ഡി | സിമ്മിങ് പൂളുകൾ,ജിംനേഷ്യങ്ങൾ,ടർഫുകൾ(ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ / വാണിജ്യ സ്വഭാവത്തോട് കൂടിയവ) | 50 |
| ഇ | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 190 |

## വസ്തു നികുതി പരിഷ്ക്കരണം 2023 - മേഖലകളും റോഡുകളും

**പ്രഥമ മേഖല**

1. കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന എം. സി റോഡ് ആദ്യം മുതൽ അവസാനം വരെ.
2. കൂത്താട്ടുകുളം പള്ളിക്കവല മുതൽ വടകര റോഡിൽ മുനിസിപ്പൽ അതിർത്തി വരെ.
3. പള്ളിക്കവല മുതൽ കോഴിപ്പിള്ളി റോഡിൽ കൂത്താട്ടുകുളം അമ്പലം വരെ.
4. രാമപുരം ജംഗ്ഷൻ മുതൽ മംഗലത്തുതാഴം പള്ളി വരെ.
5. ദേവമാത ആശുപത്രി റോഡ്– എം.വി.ഐ.പി ക്വാർട്ടേഴ്സ് വരെ.

മേൽ റോഡുകൾക്ക് ഇരു സൈഡുകളിൽ നിന്നും 200 മീറ്റർ വീതം ഓരോ ഭാഗത്തും ഉൾപ്പെടുന്നതും റോഡിൽ നിന്നും പ്രവേശനമാർഗ്ഗം ഉള്ളതും, ചുരുങ്ങിയത് 8 അടി വഴിയെങ്കിലും ഉള്ള സ്ഥലത്തിൽ ഉൾപ്പെട്ട പ്രദേശം.

**ദ്വിതീയ മേഖല**

1. ഇടയാർ പിറവം റോഡിൽ ചമ്പോന്തക്കവല മുതൽ മുനിസിപ്പൽ അതിർത്തി വരെ.
2. വലിയവിരുപ്പ് റോഡിൽ ജയന്തിക്കവല മുതൽ മുനിസിപ്പൽ അതിർത്തി വരെ.
3. വളപ്പ് കവല മുതൽ (ചമ്പമല വഴി) മുനിസിപ്പൽ അതിർത്തി വരെ.
4. കോഴിപ്പിള്ളി റോഡിൽ അമ്പലം മുതൽ മുനിസിപ്പൽ അതിർത്തി വരെ.

മേൽ റോഡുകൾക്ക് ഇരു സൈഡുകളിൽ നിന്നും 200 മീറ്റർ വീതം ഓരോ ഭാഗത്തും ഉൾപ്പെടുന്നതും റോഡിൽ നിന്നും പ്രവേശനമാർഗ്ഗം ഉള്ളതും, ചുരുങ്ങിയത് 8 അടി വഴിയെങ്കിലും ഉള്ള സ്ഥലത്തിൽ ഉൾപ്പെട്ട പ്രദേശം.

**ത്രിതീയ മേഖല**

പ്രഥമ മേഖലയിലും ദ്വിതീയ മേഖലയിലും ഉൾപ്പെടാത്ത പ്രദേശം.

**റോഡുകളുടെ തരംതിരിക്കൽ**

മുനിസിപ്പാലിറ്റി പരിധിയിലുള്ള റോഡുകൾ താഴെ പറയുന്ന വിഭാഗങ്ങളിലായി തരം തിരിക്കുന്നു.

1. നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ജില്ലാ റോഡുകൾ
2. ഒന്നാംതരം റോഡുകൾ.
   8 മീറ്റർ വീതിയുള്ളതും എൻ. എച്ച്, എസ്, എച്ച് എന്നിവയുടെയത്ര പ്രാധാന്യമുള്ളതുമായ താഴെ പറയുന്ന റോഡുകൾ

   കൂത്താട്ടുകുളം – വടകര റോഡ്
   കൂത്താട്ടുകുളം – ഇടയാർ – പിറവം റോഡ്
   കൂത്താട്ടുകുളം – മംഗലത്തുതാഴം – ഉഴവൂർ റോഡ്
   കൂത്താട്ടുകുളം – മംഗലത്തുതാഴം – രാമപുരം റോഡ്
   കൂത്താട്ടുകുളം – കോഴിപ്പിള്ളി – തൊടുപുഴ റോഡ്

3. രണ്ടാംതരം റോഡുകൾ

   ഈ മുനിസിപ്പാലിറ്റിയിലെ 5 മീറ്റർ വീതിയുള്ള ടാർ ചെയ്ത എല്ലാ റോഡുകളും.

4. മറ്റു റോഡുകൾ

   മുനിസിപ്പാലിറ്റിയിലെ നാഷ്ണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ജില്ലാ റോഡുകൾ, ഒന്നാംതരം റോഡുകൾ, രണ്ടാംതരം റോഡുകൾ എന്നീ പട്ടികയിൽ ഉൾപ്പെടാത്തതും 5 മീറ്ററിൽ താഴെ വീതിയുള്ളതുമായ എല്ലാ റോഡുകളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

OFFICE OF THE KOOTHATTUKULAM MUNICIPALITY KOOTHATTUKULAM ERNAKULAM DT. 686662

ഒപ്പ്
സെക്രട്ടറി
കൂത്താട്ടുകുളം നഗരസഭ